# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനുവരി 23

# വാർത്താക്കുറിപ്പ്

---

## സിനിമ ആശയാവിഷ്കാരത്തിനുള്ള മികച്ച മാധ്യമം: കമൽ

**– എം.ജി. സർവകലാശാലയുടെ സിനിമ 'ട്രിപ്പി'ന്റെ ഗാനങ്ങൾ പുറത്തിറക്കി**

**– 'സമക്ഷം' കാമ്പസുകളിൽ റിലീസ് ചെയ്തു**

ആശയാവിഷ്കാരത്തിനുള്ള മികച്ച മാധ്യമമാണ് സിനിമയെന്ന് ചലച്ചിത്ര അക്കാദമി ചെയർമാനും സംവിധായകനുമായ കമൽ . മഹാത്മാഗാന്ധി സർവകലാശാല നിർമിച്ച രണ്ടാമത്തെ സിനിമ 'ട്രിപ്പി'ന്റെ ഗാനങ്ങളുടെ പ്രകാശനം മഹാരാജാസ് കോളജിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം . കാലം ആവശ്യപ്പെടുന്ന ആശയങ്ങൾ പ്രചരിപ്പിക്കാൻ സിനിമയെന്ന മാധ്യമത്തെ തെരഞ്ഞെടുത്ത എം.ജി. സർവകലാശാലയുടെ തീരുമാനം അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു . പണ്ട് കാമ്പസിൽനിന്ന് സിനിമയുണ്ടാകുക എന്നത് സ്വപ്നം മാത്രമായിരുന്നു . സിനിമ ഡിജിറ്റലിലേക്ക് മാറിയതോടെ കാമ്പസുകളിൽനിന്ന് മറ്റു കലകളെന്ന പോലെ സിനിമയും പിറന്നുവെന്നും അദ്ദേഹം സൂചിപ്പിച്ചു .

സംവിധായകരായ ലിയോ തദേവൂസ് , സിദ്ധാർഥ് ശിവ , സുഗീത്, അജി ആന്റണി , സാജൻ എന്നിവർ ചേർന്ന് പോസ്റ്റർ പ്രകാശനം നിർവഹിച്ചു . ജൈവ ജീവനം നിർദ്ദേശിക്കുന്ന സർവകലാശാലയുടെ ആദ്യ സിനിമ 'സമക്ഷ'ത്തിന്റെ കാമ്പസ് റിലീസ് ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് നിർവഹിച്ചു.

ജാസി ഗിഫ്റ്റ് സംഗീതസംവിധാനം നിർവ്വഹിച്ച അഞ്ച് ഗാനങ്ങളാണ് ചിത്രത്തിലുള്ളത് . ജാസി ഗിഫ്റ്റ് , സംവിധായകൻ ബോബൻ സാമുവേൽ, ഛായാഗ്രാഹക ഫൗസിയ ഫാത്തിമ, സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എം.എസ്. മുരളി, പ്രൊഫ. സന്തോഷ് പി . തമ്പി, ഗായിക പ്രീത, വൈസ് പ്രിൻസിപ്പൽ ഡോ . കെ.വി. ജയമോൾ, ഡോ. എം.എച്ച്. ഇല്യാസ്, സർവകലാശാല യൂണിയൻ ചെയർമാൻ നിഖിൽ എസ്. നായർ എന്നിവർ പ്രസംഗിച്ചു.

എം.ആർ. ഉണ്ണിയും അൻവർ അബ്ദുള്ളയും ചേർന്നാണ് രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത്. കെ. ജയകുമാർ, റഫീക്ക് അഹമ്മദ്, ഒ.വി. ഉഷ, അൻവർ അബ്ദുള്ള എന്നിവരാണ് വരികളെഴുതിയിരിക്കുന്നത് . ജാസി ഗിഫ്റ്റ് , വൈക്കം വിജയലക്ഷ്മി, നജീം അർഷാദ് , പ്രീത എന്നിവരാണ് ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്. കുടുംബപശ്ചാത്തലത്തിൽ ഇന്ത്യൻ യുവത്വത്തിന്റെ ആത്മസംഘർഷം ആവിഷ്ക്കരിക്കുന്ന ത്രിഭാഷാചിത്രമാണ് ട്രിപ്പ്.

നടൻ കെ.ടി.സി. അബ്ദുള്ളയുടെ അവസാന ചിത്രമാണ് 'ട്രിപ്പ്'. ആര്യ രമേഷ്, റെജിൻ രാജ്, കല്യാൺ ഖന്ന, വിനിത ആർ . നാഥ്, രാജീവൻ വെള്ളൂർ , രാജീവ് മോഹൻ , ഗിരീഷ് രാംകുമാർ, ജ്യുവൽ ബേബി , ബാല്യ

കുടമാളൂർ, മധു കക്കാട് , അനീഷ്, രഘുവരൻ, മാസ്റ്റർ ഗൗതം തുടങ്ങിയ പുതുമുഖങ്ങൾ പ്രധാന വേഷങ്ങളിലെത്തും. ഛായാഗ്രഹണം എ. മുഹമ്മദ്, ചിത്രസന്നിവേശം റിൻജു ആർ വി. ലൈൻ പ്രൊഡ്യൂസർ സന്തോഷ് പി . തമ്പി, അസോസിയേറ്റ് ഡയറക്ടർ നവാസ് അലി , അസിസ്റ്റന്റ് ഡയറക്ടർ ശ്രീകാന്ത് , ശബ്ദവിന്യാസം ടി .ആർ. കൃഷ്ണനുണ്ണി, കലാസംവിധാനം അനീഷ് ഗോപാൽ , ചമയം മിറ്റ ആന്റണി, വസ്ത്രാലങ്കാരം ജയരാജ് വാടനക്കുറിശ്ശി , പ്രൊഡക്ഷൻ കൺട്രോളർ ദീപക് പരമേശ്വരൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് പ്രതീഷ് മാവേലിക്കര, യൂണിറ്റ് മാനേജർ സി.സുരേഷ്കുമാർ, സ്റ്റിൽസ് ശേഖരാജ്, പി.ആർ.ഒ. ജി. ശ്രീകുമാർ.

രാസകീടനാശിനി പ്രയോഗത്തിന്റെ പാർശ്വഫലങ്ങളിലേക്ക് വെളിച്ചം വീശുന്ന സംഭവങ്ങളെ കോർത്തിണക്കി എം .ജി. സർവകലാശാല നിർമ്മിച്ച 'സമക്ഷം' കഥാചിത്രം 212 കാമ്പസുകളിൽ 10 ദിവസത്തേക്ക് പ്രദർശിപ്പിക്കും . ജൈവം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഈ ചിത്രം മൂന്നര ലക്ഷം വിദ്യാർഥികളും 15000 അധ്യാപക - അനധ്യാപകർക്കും സൗജന്യമായി കാണാനുള്ള സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്. നാഷണൽ സർവിസ് സ് കീമിന്റെ നേതൃത്വത്തിലാണ് പ്ര ദർശന ഏകോപനം നടക്കുന്നത്. അജു.കെ. നാരായണനും അൻവർ അബ്ദുള്ളയും ചേർന്ന് രചനയും സംവിധാനവും നിർവഹിച്ച 'സമക്ഷ'ത്തിന്റെ നിർമ്മാതാവ് എം.ആർ. ഉണ്ണിയാണ്.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല നിർമിച്ച രണ്ടാമത്തെ സിനിമ 'ട്രിപ്' ന്റെ ഗാനങ്ങളുടെ പ്രകാശനം മഹാരാജാസ് കോളജിൽ ചലച്ചിത്ര അക്കാദമി ചെയർമാനും സംവിധായകനുമായ കമൽ നിർവഹിക്കുന്നു.**

**മഹാത്മാഗാന്ധി സർവകലാശാല നിർമിച്ച രണ്ടാമത്തെ സിനിമ 'ട്രിപ്' ന്റെ പോസ്റ്റർ പ്രകാശനം സംവിധായകരായ ലിയോ തദേവൂസ്, സിദ്ധാർഥ് ശിവ, സുഗീത്, അജി ആന്റണി, സാജൻ എന്നിവർ ചേർന്ന് മഹാരാജാസ് കോളജിൽ നിർവഹിക്കുന്നു.**

(പി.ആർ.ഒ./39/117/2019)

## ഏകദിന സെമിനാർ 26ന്

മഹാത്മാഗാന്ധി യൂണിവേഴ് സിറ്റി ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും ജീവധാര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂറോ ഡെവലപ് മെന്റ് ആന്റ് റിസർ ച്ചും സംയുക്തമായി 'ഇഫക്ടീവ്നസ്സ് ഓഫ് ജീവധാര അപ്രോച്ച് ഫോർ ഇൻക്യൂറ ബിൾ ഡിസീസസ് ആന്റ് ഡിസോർഡേഴ് സ് എന്ന വിഷയത്തിൽ ജനുവരി 26ന് ഏകദിന സെമിനാർ സംഘടിപ്പിക്കുന്നു. ഇന്റർ യൂണിവേഴ് സിറ്റഇ സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ രാവിലെ 9.30 മുതൽ 1.30 വരെയാണ് സെമിനാർ. വിശദവിവരങ്ങൾക്ക് ഫോൺ: 0481 2731580, 9495213248.

(പി.ആർ.ഒ./39/118/2019)

## വാക്-ഇൻ-ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ എൻ.എം.ആർ സയന്റിസ്റ്റ് കം അനലിസ്റ്റിനെ കരാർ അടിസ്ഥാനത്തിൽ താൽക്കാലി കമായി നിയമിക്കുന്നു . നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ഫെബ്രുവരി നാലിന് രാവിലെ 10.30 ന് സർവ്വകലാശാല ആസ്ഥാനത്ത് നടക്കും. വിശദവിവരം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/119/2019)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ മണിക്കൂർ വേതന അടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നു. മിഡീവിയൽ ഇന്ത്യൻ ഹിസ്റ്ററി, എൻഷ്യന്റ് ഇന്ത്യൻ

ഹിസ്റ്ററി, ആർക്കിയോളജി എന്നീ വിഷയങ്ങളിൽ മൂന്നൊഴിവാണുള്ളത്. യു.ജി.സി മാനദണ്ഡമനുസരിച്ചുള്ള വിദ്യാഭ്യാസയോഗ്യത ഉള്ളവർക്ക് അപേക്ഷിക്കാം . അപേക്ഷകർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡേറ്റ,അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ജനുവരി 31 ന രാവിലെ 11ന് വാക്-ഇൻ-ഇന്റർവ്യൂവിനായി സ്കൂൾ ഓഫ് സോഷ്യൽ സയൻസ് വകുപ്പ് മേധാവിയുടെ ഓഫീസിൽ എത്തണം.

(പി.ആർ.ഒ./39/120/2019)

## പ്രാക്ടിക്കൽ

തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ 2018 ഡിസംബറിൽ നടത്തിയ ബി.എ. ഒന്നാം സെമസ്റ്റർ മ്യൂസിക് വയലിൻ സി .ബി.സി.എസ്. (2018 അഡ്മിഷൻ റെഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ് ) ,സി.ബി.സി.എസ്.എസ്. (2013-16 അഡ്മിഷൻ റീഅപ്പിയറൻസ് /സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ജനുവരി 30,31 തീയതികളിൽ കോളേജിൽ നടത്തും.

(പി.ആർ.ഒ./39/121/2019)

തൃപ്പൂണിത്തുറ ആർ .എൽ.വി കോളേജിൽ 2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ. വയലിൻ (സി.ബി.സി.എസ്. റെഗുലർ/സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 28,29 തീയതികളിൽ കോളേജിൽ നടത്തും.

(പി.ആർ.ഒ./39/122/2019)

2018 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം .എസ്.സി. ഇലക്ട്രോണിക്സ് (സി.എസ്.എസ്. റെഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ സി ++ പ്രാക്ടിക്കൽ ജനുവരി 28 ന് അതത് കോളേജുകളിൽ നടത്തും.

(പി.ആർ.ഒ./39/123/2019)

## അപേക്ഷ തീയതി

ഒന്നു മുതൽ നാലുവരെ വർഷത്തെ ബി.എസ്സി. നഴ്സിംഗ് മേഴ്സി ചാൻസ് (2007-2009 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 30 വരെയും 500 രൂപ പിഴയോടെ 31 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഫെബ്രുവരി നാലു വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. കൂടാതെ ആദ്യ മേഴ്സി ചാൻസ് പരീക്ഷ ഫീസായി 5000 രൂപ പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/124/2019)

## പരീക്ഷാഫലം

2018 മെയിൽ നടന്ന മൂന്നാം സെ മസ്റ്റർ എം.സി.എ. റെഗുലർ (2016 അഡ്മിഷൻ റെഗുലർ, 2011 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി ), ലാറ്ററൽ എൻട്രി (2017 അഡ്മിഷൻ റെഗുലർ , വേക്കന്റ് സീറ്റ് അഡ്മിഷൻ), 2013 മുതൽ 16 വരെ അഡ്മിഷൻ (ഓൾഡ് സ് കീം- സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി ഏഴ് വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/125/2019)

## ഫാക്വൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം

മഹാത്മാഗാന്ധി സർവ്വകലാശാല സർവ്വകലാശാലകളിലേയും ഗവൺമെന്റ് /എയിഡഡ്/അൺ എയിഡഡ് കോളേജുകളുടെയും അദ്ധ്യാപകർക്കായി ഫെബ്രുവരി നാലു മുതൽ എട്ടുവരെ ' മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് ആന്റ് ഇ കണ്ടന്റ് ഡവലപ്മെന്റ്' എന്ന വിഷയത്തിൽ ഫാക്കൽറ്റി ഡവലപ് മെന്റ് പ്രോഗ്രാം നടത്തുന്നു . മാസീവ് ഓപ്പൺ ഓൺലൈൻ കോഴ് സ് പ്രോഗ്രാം കോ -ഓർഡിനേഷൻ സെല്ലിന്റെയും സ് കൂൾ ഓഫ് കംപ്യൂട്ടർ സയൻസസ് , സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ,യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ എന്നീ പഠനവകുപ്പുകളുടെയും സംയുക്ത ആഭിമുഖ്യത്തി ലാണ് പ്രോഗ്രാം സംഘടിപ്പിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 1000 രൂപ. വിശദവിവരങ്ങളും അപേക്ഷാ ഫോമും സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ് . ഫോൺ: 9446459644 (പ്രോഗ്രാം കൺവീനർ).

(പി.ആർ.ഒ./39/126/2019)

## ഇന്റർ കോളജിയറ്റ് നാടകോത്സവം; ജേതാക്കൾ

തിരുവല്ല ഡി.ബി. കോളേജിൽ നടന്ന മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർകോളേജിയറ്റ് നാടകോത്സവത്തിൽ എറണാകുളം മഹാരാജാസ് കോളേജിന്റെ 'ഇരാവൻ' എന്ന നാടകം ഒന്നാം സ്ഥാനം നേടി. എറണാകുളം സെന്റ് തെരാസസ് കോളേജിന്റെ 'ഹിഡുംബി' ആലുവ സെന്റ് സേവ്യേഴ്സ് കോളേജിന്റെ 'പിഷോൺ തീരത്തെ ഞാങ്ങണകൾ' എന്നീ നാടകങ്ങൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

(പി.ആർ.ഒ./39/127/2019)

## റിസർച്ച് ഫെല്ലോ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പരിസ്ഥിതി പഠന വകുപ്പിൽ കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ സഹായത്തോടെ നടത്തുന്ന മൂന്നു വർഷത്തേക്കുള്ള ഗവേഷണ പ്രോജെക്ടിലേക്കു റിസർച്ച് ഫെല്ലോ, റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ ഓരോ ഒഴിവുണ്ട്. റിസർച്ച് ഫെല്ലോയ്ക്ക് മാസം 22000 രൂപയും റിസർച്ച് അസിസ്റ്റന്റിന് മാസം 19000 രൂപയുമാണ് പ്രതിഫലം. എം.എസ്സി. കെമിസ്ട്രിയിൽ ഒന്നാം ക്ലാസ് ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ ഫെബ്രുവരി നാലിന് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ ബയോഡാറ്റയുമായി ഹാജരാകണം. കൂടുതൽ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/128/2019)

## രാജ്യാന്തര സമ്മേളനത്തിൽ
## പ്രബന്ധം അവതരിപ്പിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ് കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കണ്ടമ്പററി ചൈനീസ് സ്റ്റഡീസും (ഐ.സി.സി.എസ്.) മാർച്ച് 14ന് സംഘടിപ്പിക്കുന്ന രാജ്യാന്തര സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാം. 'എൻഗേജിങ് ദ റൈസിങ് ചൈന; സ്ട്രാറ്റജിക് ഓപ്ഷൻസ് ഫോർ ദ എമർജിങ് ഇന്ത്യ ' എന്ന വിഷയത്തിലാണ് സമ്മേളനം. ജനുവരി 30നകം പ്രബന്ധം സംബന്ധിച്ച വിവരങ്ങൾ നൽകണം . വിശദവിവരത്തിന് ഫോൺ : 9249726502, 9400039108.

(പി.ആർ.ഒ./39/129/2019)

## ദ്വിലിംഗരും മനുഷ്യരാണ്:

## കൽകി സുബ്രഹ്മണ്യം

ദ്വിലിംഗരും (ട്രാൻസ്ജെൻഡേഴ്സ്) മനുഷ്യരാണെന്ന് സമൂഹം കരുതണമെന്ന് പ്രശസ്ത ട്രാൻസ്ജൻഡർ ആക്റ്റിവിസ്റ്റും എഴുത്തുകാരിയുമായ കൽകി സുബ്രഹ്മ ണ്യം അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസേർച്ച് ആന്റ് എക്റ്റെൻഷൻ സംഘടിപ്പിച്ച ഏകദിന ശിൽപശാലയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

ഇതിഹാസങ്ങളിലും പുരാണങ്ങളിലും ദൈവീക പരിവേഷത്തോടെ ആരാധ്യരായിരിക്കുന്ന ദ്വിലിംഗ വിഭാഗം പ്രായോഗിക ജീവിതത്തിൽ തെരുവിൽ ഭിക്ഷയെടുക്കേണ്ട അവസ്ഥയാണുള്ളത് . മറ്റുള്ളവരെപോലെ ജീവിക്കാൻ പൊതുവിടങ്ങളിൽ ഇടപെടലുകൾ നടത്തുവാൻ കഴിയണം . തുറിച്ചുനോട്ടങ്ങളേൽക്കാതെ സഞ്ചരിക്കുവാൻ കഴിയണം . ദ്വിലിംഗ സൗഹൃദ വിദ്യാലയങ്ങളും , ആശുപത്രികളും അധികാര സ്ഥാപനങ്ങളും ഉണ്ടാകണം . നവ ദ്വിലിംഗ നയം പ്രത്യാശ നൽകുന്നതാണ് - കൽകി അഭിപ്രായപ്പെട്ടു. സിൻഡിക്കേറ്റംഗവും സ്കൂൾ ഓഫ് ലെറ്റേഴ്സ് മേധാവിയുമായ പ്രൊഫ. കെ.എം. കൃഷ്ണൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

സിൻഡിക്കേറ്റംഗം ഡോ . ബിസ്മി ഗോപാലകൃഷ്ണൻ ആധ്യക്ഷ്യം വഹിച്ചു. ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് ഹോണററി ഡയറക്ടർ ഡോ . ആർ.എസ്. സന്ധ്യ, ഡോ. മുഹമ്മദ് മുസ്തഫ, ഡോ. പി.പി. നൗഷാദ്, അഭിനേത്രിശീതൾ ശ്യാം , അനിൽ ചില്ല , വിജയരാജ മല്ലിക , ജിജോ കുര്യാകോസ്, രഞ്ജു രഞ്ജി കേരള സാമൂഹ്യനീതി ഡിപ്പാർട്ട് മെന്റ് ട്രാൻസ് ജെൻഡർ സെൽ ഡയറക്ടറായ ശ്യാമ എസ്. പ്രഭ, ഇഷാൻ കെ. ഷാൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു . തുടർന്ന് ട്രാൻസ്ജെൻഡർ ജീവിതം അനാവരണം ചെയ്യുന്ന പറയാൻ മറന്ന കഥകൾ എന്ന നാടകവും , ട്രാൻസ്ജെൻഡർ ആർട്ട് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ക്ലാസിക്കൽ ഡാൻസ്, ഫാഷൻ ഷോ എന്നിവയും അവതരിപ്പിച്ചു.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസേർച്ച് ആന്റ് എക്റ്റെൻഷൻ സംഘടിപ്പിച്ച ഏകദിന ശിൽപശാല സിൻഡിക്കേറ്റംഗവും സ്കൂൾ ഓഫ് ലെറ്റേഴ്സ് മേധാവിയുമായ പ്രൊഫ. കെ.എം. കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ./39/130/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ